**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5000** **14-03-2023 - ൽ മറുപടിയ്ക്ക്**

**റണ്ണിങ് കോൺട്രാക്ട് രണ്ടാംഘട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വാഹന ഗതാഗതം സുഗമമാക്കി അപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്തെ റോഡുകൾ ഗട്ടറുകളില്ലാതെ മെച്ചപ്പെട്ട നിലയിൽ വർഷം മുഴുവൻ സംരക്ഷിക്കുന്നതിനുവേണ്ടി റണ്ണിങ് കോൺട്രാക്ട് രണ്ടാം ഘട്ട പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | റണ്ണിംഗ് കോൺട്രാക്ട് രണ്ടാം ഘട്ടം ഫേസ് 1 നായി 13.05.2022 ലെ ജി.ഒ.(ആർ.ടി.) നം.530/2022/ പി.ഡബ്ല്യു.ഡി. പ്രകാരം 184.98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഫേസ് 2 പ്രവൃത്തികൾക്കായി 04.02.2023 – ലെ ജി.ഒ.(ആർ.ടി.) നം.120/2023/ പി.ഡബ്ല്യു.ഡി. പ്രകാരം 183.4004 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഡിഫക്ട് ലയബിലിറ്റി പിരീഡ് കഴിഞ്ഞ് റോഡുകളുടെ അവസ്ഥ പരിശോധിച്ചതിന് ശേഷമാണോ റണ്ണിങ് കോൺട്രാക്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഡി.എൽ.പി. കഴിഞ്ഞ റോഡുകളുടെ അവസ്ഥ പരിശോധിച്ചതിനു ശേഷമാണ് റണ്ണിംഗ് കോൺട്രാക്ട് അംഗീകരിച്ചു വരുന്നത്. |
| (സി) | റണ്ണിങ് കോൺട്രാക്ട് പ്രകാരമുള്ള ഓരോ റോഡിന്റെയും ചുമതലയുള്ള കരാറുകാരന്റെ വിവരങ്ങൾ പൊതുജനങ്ങൾ അറിയുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ; | (സി) | റണ്ണിംഗ് കോൺട്രാക്ട് പ്രകാരമുള്ള ഓരോ റോഡിന്റെയും ചുമതലയുള്ള കരാറുകാരന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയ ബോർഡുകൾ പൊതുജനങ്ങളുടെ അറിവിനായി സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | കാലാകാലങ്ങളിലുണ്ടാകുന്ന റോഡിന്റെ കേടുപാടുകൾ കരാറുകാരുടെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തര നടപടി സ്വീകരിക്കുന്നതിനുള്ള നിലവിലെ സംവിധാനം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | നിലവിലുള്ള റണ്ണിംഗ് കോൺട്രാക്ട് സംവിധാനം വഴി കേടുപാടുകൾ അടിയന്തിരമായി തീർക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ